"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കല്ലട ജലോത്സവത്തിന് കൊല്ലം ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2408/2023/LSGD തീയതി,തിരുവനന്തപുരം, 04-12-2023

---

പരാമർശം:-
1. ശ്രീ.കോവൂർ കുഞ്ഞുമോൻ , ബഹു. കുന്നത്തൂർ എം.എൽ.എ. സമർപ്പിച്ച 24.10.2023 ലെ അപേക്ഷ.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.11.2023 ലെ ശിപാർശ.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ ജലോത്സവങ്ങളിൽ ഒന്നായ കല്ലട ജലോത്സവത്തിന്റെ നടത്തിപ്പിലേക്ക് സാമ്പത്തികമായി സഹായിക്കുവാൻ ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ബഹു. കുന്നത്തൂർ എം.എൽ.എ. പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കല്ലട ജലോത്സവത്തിന്റെ നടത്തിപ്പിലേക്ക് കൊല്ലം ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിന്റെ മിച്ചഫണ്ടിൽ നിന്നും അവരവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി പരമാവധി 10000/- (പതിനായിരം രൂപ മാത്രം) രൂപ വരെ ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹർഷ വി എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 04-12-2023 14:22:22

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി.എസ്സിന്,
ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
ബഹു. കുന്നത്തുർ എം.എൽ.എ. യുടെ പി എയ്ക്ക്.